**23 (*83) അലങ്കാര പുഷ്പകൃഷി**

ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :
ശ്രീ. പി. രാജു :
ശ്രീ. യു.എസ്. ശശി :
ശ്രീ. സി.എൻ. ജയദേവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അലങ്കാര പുഷ്പകൃഷി വ്യാപകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് എത്ര ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഫ്ളോറിക്ലബ്ബുകൾ മുഖേന അലങ്കാര പുഷ്പകൃഷി വ്യാപകമാക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ഡി) അലങ്കാര പുഷ്പകൃഷി നടത്തുന്നവർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകുവാനുദ്ദേശിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) ഉണ്ട്.

(ബി) ഈ സാമ്പത്തിക വർഷം എൺപതു ഫ്ളോറി ക്ലബ്ബുകൾ രൂപീകരിക്കാനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി)&(ഡി) പുഷ്പകൃഷി വ്യാപകമാക്കുന്നതിന് ഫ്ളോറി ക്ലബ്ബുകൾ മുഖേന താഴെ പറയുന്ന പ്രോത്സാഹനങ്ങൾ നൽകാൻ ഉദ്ദേശിക്കുന്നു.

1. ഫ്ളോറി ക്ലബ്ബ് അംഗങ്ങൾക്ക് പുഷ്പകൃഷിയിൽ ശാസ്ത്രീയ പരിശീലനം.

2. ദേശീയ അന്തർദേശീയ വിപണിയിൽ വിപണന സാധ്യതയുള്ള പുഷ്പങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുതകുന്ന തൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

3. ക്ലബ്ബ് അംഗങ്ങൾക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന 6% പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കും.

4. ക്ലബ്ബ് അംഗങ്ങൾ ഉല്പ്പാദിപ്പിക്കുന്ന പുഷ്പങ്ങൾക്ക് നല്ല വില ലഭ്യമാക്കുംവിധം വിപണന സൗകര്യം ഏർപ്പെടുത്തുക.

5. അലങ്കാര ചെടികൾ നട്ടുവളർത്തുന്നതിനാവശ്യമായ ഗ്രീൻഹൗസ്, ഷെഡ്നെറ്റ് എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകും.

6. പുഷ്പകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദൈനംദിന ഉപദേശം നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം ഉറപ്പാക്കും.

**24 (*84) പുഷ്പകൃഷി വികസിപ്പിക്കാൻ നടപടി**

ശ്രീ. രാജു എബ്രഹാം :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. ലോനപ്പൻ നമ്പാടൻ :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി.ടി. കുഞ്ഞിമുഹമ്മദ് :

ശ്രീ. സി.പി. ബാലൻ വൈദ്യർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർക്കാർ ധനസഹായത്തോടെ വാണിജ്യാടിസ്ഥാനത്തിൽ അലങ്കാര പുഷ്പകൃഷി ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചുവോ;

(ബി) എങ്കിൽ എവിടെയൊക്കെയാണ് പ്രസ്തുത പദ്ധതി ആരംഭിച്ചിരിക്കുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഏതൊക്കെ ഇനം പുഷ്പങ്ങൾ കൃഷി ചെയ്യുന്നതിനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കപ്പെടുന്ന പുഷ്പത്തിന് വിദേശ വിപണി കണ്ടെത്തിയിട്ടുണ്ടോ;

(ഇ) പുഷ്പകൃഷിയിലേർപ്പെട്ടിരിക്കുന്ന കർഷകർക്ക് എന്തെല്ലാം സഹായമാണ് സർക്കാർ നൽകിവരുന്നതെന്ന് വെളിപ്പെടുത്തുമോ;

(എഫ്) സംസ്ഥാനത്ത് പരീക്ഷണാർത്ഥം ഏതെങ്കിലും ജില്ലയിൽ പുഷ്പകൃഷി ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയാണ്; ഇത് മറ്റുജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശമുണ്ടോ; എങ്കിൽ ഏതൊക്കെ ജില്ലകളിലേക്കാണ് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. കൃഷ്ണൻ കണിയാംപറമ്പിൽ) :

(എ) സംസ്ഥാനത്ത് വാണിജ്യാടിസ്ഥാനത്തിൽ അലങ്കാരപുഷ്പകൃഷി വികസിപ്പിക്കുന്നതിന് 'വാണിജ്യാടിസ്ഥാനത്തിൽ പൂകൃഷി, എന്ന പദ്ധതി നടപ്പാക്കി വരുന്നു.

(ബി) തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ ജില്ലകളിലാണ് പ്രാരംഭമായി നടപ്പിലാക്കുന്നത്.

(സി) ദേശീയ അന്തർദേശീയ വിപണിയിൽ വിപണന സാദ്ധ്യതയുള്ള ഓർക്കിഡ്, ആന്തൂറിയം, കാർണേഷൻ തുടങ്ങിയ ഇനം പൂക്കൾ കൃഷി ചെയ്യുന്നതിനാണ് ഉദ്ദേശം.

(ഡി) വിദേശ വിപണി ലഭിക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ഇ) 80 ഫ്ളോറി ക്ലബ്ബുകൾ രൂപീകരിച്ച് അവ മുഖേന താഴെ പറയുന്ന സഹായങ്ങൾ നൽകുന്നു.

1. ഫ്ളോറി ക്ലബ്ബ് അംഗങ്ങൾക്ക് പുഷ്പ കൃഷിയിൽ ശാസ്ത്രീയ പരിശീലനം.

2. ദേശീയ അന്തർദേശീയ വിപണിയിൽ വിപണന സാധ്യതയുള്ള പുഷ്പങ്ങൾ ഉൽപ്പാദിപ്പിക്കാനുതകുന്ന തൈകൾ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

3. ക്ലബ്ബ് അംഗങ്ങൾക്ക് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ മുഖേന 6% പലിശ നിരക്കിൽ സാമ്പത്തിക സഹായം ലഭ്യമാക്കും.

4. ക്ലബ്ബ് അംഗങ്ങൾ ഉൽപ്പാദിപ്പിക്കുന്ന പുഷ്പങ്ങൾക്ക് നല്ല വില ലഭ്യമാകുംവിധം വിപണന സൗകര്യം

LIBRARY ARCHIVES Kerala Legislative Assembly

5. അലങ്കാര ചെടികൾ നട്ടുവളർത്തുന്നതിനാവശ്യമായ ഗ്രീൻഹൗസ്, ഷെഡ്നെറ്റ് എന്നിവയുടെ നിർമ്മാണത്തിന് സാമ്പത്തിക സഹായം നൽകും.

6. പുഷ്പകൃഷിയിൽ ഏർപ്പെട്ടിരിക്കുന്ന കർഷകർക്ക് ദൈനംദിന ഉപദേശം നൽകുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥരുടെ സേവനം.

(എഫ്) ആദ്യഘട്ടമെന്ന നിലയിൽ ഈ സാമ്പത്തിക വർഷം തിരുവനന്തപുരം, കൊല്ലം, എറണാകുളം, തൃശ്ശൂർ എന്നീ നാലു ജില്ലകളിലാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ഇത് സംസ്ഥാനത്ത് ഒട്ടാകെ വ്യാപിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്.

## 25 (*85) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതി

ശ്രീ. പി. വിശ്വൻ :
ശ്രീ. കെ.പി. സതീശ് ചന്ദ്രൻ :
ശ്രീ. വർഗ്ഗീസ് വൈദ്യർ :
ശ്രീമതി ഗിരിജാ സുരേന്ദ്രൻ :
ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ;

(ബി) എങ്കിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച് എന്തു വിലയിരുത്തലാണ് നടത്തിയിട്ടുള്ളത്;

(സി) വനം വകുപ്പിൽ ലോകബാങ്കിന്റെ സഹായത്തോടുകൂടി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളത്;

(ഡി) പ്രസ്തുത പദ്ധതികൾ നടപ്പിലാക്കിയതിന്റെ ഭാഗമായി വനം വകുപ്പിന് എന്തൊക്കെ നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്;

(ഇ) വനസംരക്ഷണം, വികസനം എന്നിവ ലക്ഷ്യമായി ഏതെങ്കിലും പുതിയ പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി ലോകബാങ്ക് സഹായത്തിനു വേണ്ടി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ;

(എഫ്) ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികൾക്കു വേണ്ടിയാണ് പ്രൊപ്പോസൽ സമർപ്പിട്ടുള്ളത്;

(ജി) ലോകബാങ്ക് പദ്ധതികളുടെ പ്രവർത്തനം വിലയിരുത്തുന്നതിന് സർക്കാർ തലത്തിൽ ഒരു ഉന്നതതല കമ്മറ്റിയെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

വനവും ഗതാഗതവും വകുപ്പുമന്ത്രി (ശ്രീ. സി.കെ. നാണു) :

(എ) ഉണ്ട്.

(ബി) കേരളാ ഫോറസ്ട്രി പദ്ധതിയുടെ സുഗമമായ നടത്തിപ്പിനും വിലയിരുത്തലിനുമായി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിലുള്ള സ്റ്റിയറിംഗ് ആന്റ് ഫിനാൻസ് കമ്മറ്റിയും വനം വന്യജീവി വകുപ്പു പ്രിൻസിപ്പൽ സെക്രട്ടറി അദ്ധ്യക്ഷയായുള്ള പ്രോജക്ട് കോ-ഓർഡിനേഷൻ കമ്മിറ്റിയും

LIBRARY ARCHIVES Kerala Legislative Assembly